**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 616** **30-01-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭകത്വം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ സംരംഭകത്വം പദ്ധതിയിൽ എത്ര പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, വ്യവസായ വകുപ്പ് നടപ്പിലാക്കിയ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ജനുവരി 27 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് ആകെ 2,18,676 സംരംഭങ്ങൾ ആരംഭിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത് വരെയുള്ള കണക്കുകൾ പ്രകാരം സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ സംസ്ഥാനത്ത് ആകെ 2,33,079 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംരംഭങ്ങൾ പ്രകാരം എത്ര രൂപയുടെ നിക്ഷേപം സമാഹരിച്ചുവെന്നും ഇതിന്റെ അടിസ്ഥാനത്തിൽ എത്ര തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെട്ടുവെന്നും വിശദമാക്കാമോ; | (ബി) | സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ജനുവരി 27 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് ആകെ ആരംഭിച്ച 2,18,676 സംരംഭങ്ങളിലൂടെ 13,842 കോടി രൂപയുടെ നിക്ഷേപവും 4,65,176 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത് വരെയുള്ള കണക്കുകൾ പ്രകാരം സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ സംസ്ഥാനത്ത് ആകെ ആരംഭിച്ച 2,33,079 സംരംഭങ്ങളിലൂടെ 15,294 കോടി രൂപയുടെ നിക്ഷേപവും 5,18,168 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. |
| (സി) | പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ; | (സി) | പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിശദാംശങ്ങൾ താഴെ പറയുന്നു.<br><br>1.വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം |

ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കു വേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും 1153 പ്രൊഫഷണലുകളെ നിയമിച്ചിട്ടുണ്ട്.

2.സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ നിലവിലുണ്ട്.

3.വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളിലും താലൂക്ക് റിസോഴ്സ് പേഴ്സൺമാരുടെ സേവനം ലഭ്യമാണ്. കൂടാതെ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെയും സേവനം ലഭ്യമാണ്.

4.എല്ലാ ജില്ലകളിലും എം.എസ്.എം.ഇ ക്ലിനിക്കുകൾ വഴി ബാങ്കിങ്, ജി.എസ്.ടി, നിയമം, അനുമതികളും ലൈസൻസുകളും, മാർക്കറ്റിങ്, ടെക്നോളജി, എക്സ്പോർട്ട്, DPR തയ്യാറാക്കൽ എന്നീ മേഖലകളിലെ വിദഗ്ധരുടെ സേവനം ലഭ്യമാണ്.

കൂടാതെ സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി താഴെപ്പറയുന്ന പദ്ധതികൾ മുഖേന ആനുകൂല്യങ്ങൾ നൽകി വരുന്നു.

1. സംരംഭക സഹായ പദ്ധതി

2. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാൻറ് പദ്ധതി

3.ഒരു കുടുംബം, ഒരു സംരംഭം പദ്ധതി

4.മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി

5. നിലവിലുള്ള എം എസ് ഇ-കളിൽ, സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനു സഹായം നൽകുന്ന പദ്ധതി

| | | | |
|---|---|---|---|
| | | | 6. തകർച്ച നേരിടുന്നതും പ്രവർത്തന രഹിതവും ആയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി<br><br>7. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി<br><br>8.പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)<br><br>9.സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി |
| (ഡി) | കോവിഡ് കാലത്ത് ആരംഭിച്ച് നഷ്ടത്തിലാവുകയും പ്രവർത്തന മൂലധനമില്ലാതെ അടച്ചുപൂട്ടുകയും ചെയ്ത സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ വ്യവസായ വകുപ്പിന് എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | പദ്ധതിയുണ്ട്.<br><br>തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവും ആയ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പുനഃരുജ്ജീവിപ്പിക്കുന്നതിനായി "തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവും ആയ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനഃരുജ്ജീവിപ്പി ക്കുന്നതിനുള്ള പദ്ധതി" എന്ന പേരിൽ ഒരു പുതിയ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട് .<br><br>കോവിഡ് കാലത്ത് ആരംഭിച്ച് നഷ്ടത്തിലാവുകയും പ്രവർത്തന മൂലധനമില്ലാതെ അടച്ചുപൂട്ടുകയും ചെയ്ത സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും പദ്ധതി മാനദണ്ഡങ്ങൾക്കു വിധേയമായി ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും ഈ പദ്ധതി സംരംഭകർക്ക് സഹായകരമാകും. |

സെക്ഷൻ ഓഫീസർ